## കേരള ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ (A & T) നടപടിക്രമങ്ങൾ

വിഷയം : ആ.വ.ഡ – കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA.710/2019 നമ്പരായി ഫയൽ ചെയ്ത ശ്രീമതി. ജെസീന. എ. സിയുടെയും മറ്റുള്ളവരുടെയും JPHN Gr.II &Gr.I സീനിയോറിറ്റി പട്ടികകളിലെ സ്ഥാനം പുനഃക്രമീകരിച്ചും നിലവിലുള്ള സ്ഥാനം റദ്ദ് ചെയ്തും കൊണ്ടും പുറപ്പെടുവിക്കുന്ന ഉത്തരവ്- സംബന്ധിച്ച്

സൂചന :
1. 10.08.2009 ലെ ഉത്തരവ് നമ്പർ. FW(Spl. Cell) 61647/07/DHS
2. 06.12.2018 ലെ ഉത്തരവ് നമ്പർ. ES5-32284/17/DHS
3. 03.04.2019 ലെ ബഹു. കെ. എ. റ്റി. OA.710/2019 നമ്പർ കേസിന്മേൽ പുറപ്പെടുവിച്ച വിധിന്യായം
4. കത്ത് നമ്പർ. എ4-5282/19/ജി.മെ.ഒ(ആ) തൃശ്ശൂർ, തീയതി. 30.07.2019 & 21.10.2019
5. ജി. ഒ (ആർ. റ്റി) നം. 2854/2019/H & FWD, Dated: 27.11.2019

### ഉത്തരവ് നം. ഇ.എസ് 5/29752/19/ആ.വ.ഡ/തീയതി : 24/12/2019

തൃശ്ശൂർ ജില്ലയിലെ അളഗപ്പ നഗർ പി. എച്ച്. സിയിലെ JPHN Gr. I ശ്രീമതി. ജെസീന. എ. സിയും പറപ്പൂക്കര പി. എച്ച്. സിയിലെ JPHN Gr. I ശ്രീമതി. മല്ലിക. സി. കെയും, വെങ്കിടങ്ങ് പി. എച്ച്. സി. യിലെ JPHN Gr. I ശ്രീമതി. അൽഫോൻസാ. എൻ. എ യും ചേർന്ന് മേൽ സൂചന 1, 2 പ്രകാരമുള്ള JPHN Gr. II & Gr. I സീനിയോറിറ്റി പട്ടികകളിൽ ടിയാളുകളുടെ നിലവിലുള്ള സ്ഥാനം പുനഃക്രമീകരിക്കുന്നതിനായി ഫയൽ ചെയ്ത ഒ. എ. 710/2019 നമ്പർ കേസിൻമേൽ ബഹു. കെ. എ. റ്റി 03.04.2019 ൽ പുറപ്പെടുവിച്ച ഉത്തരവിൻപ്രകാരം ഗവൺമെന്റ് 26.07.2019 ന് ടിയാളുകളെ നേരിട്ടുകേൾക്കുകയുണ്ടായി. ആയതിന്റെയടിസ്ഥാനത്തിൽ മേൽ സൂചന 5 പ്രകാരം ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ടി കേസ് ഫയൽ ചെയ്ത 1 -)o അപേക്ഷക ശ്രീമതി. ജെസീന. എ. സി ഉത്തരവ് നമ്പർ. MR(3) 2890/85/KPSC, MLPM, Dated: 26.08.1995 പ്രകാരം മലപ്പുറം ജില്ലയിൽ 18.10.1995 ന് JPHN Gr. II തസ്തികയിൽ പ്രവേശിക്കുകയും 20.06.2001 ന് അവിടെ നിന്ന് തൃശ്ശൂർ ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം നേടുകയും ചെയ്തു. അന്തർജില്ലാ സ്ഥലംമാറ്റം നേടിയതിന്റെ അടിസ്ഥാനത്തിൽ സൂചന 1 പ്രകാരമുള്ള JPHN Gr. II ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 2259-ഉം ഇതിനാനുപാതികമായി സൂചന 2 പ്രകാരമുള്ള JPHN Gr. I ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 1917 –ഉം സ്ഥാനം ലഭിക്കുകയുണ്ടായി.

2-)o അപേക്ഷക ശ്രീമതി. മല്ലിക. സി. കെ ഉത്തരവ് നമ്പർ IDB(2) 2064/89/KPSC, IDKY, Dated: 12.06.1997 പ്രകാരം 16.08.1997 ൽ ഇടുക്കി ജില്ലയിൽ JPHN Gr. II തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും അവിടെനിന്ന് 15.06.2001 ൽ അന്തർജില്ലാ സ്ഥലംമാറ്റം നേടുകയും ചെയ്തു. അന്തർജില്ലാ സ്ഥലംമാറ്റം നേടിയതിന്റെ അടിസ്ഥാനത്തിൽ സൂചന 1 പ്രകാരമുള്ള JPHN Gr. II ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 2250 ഉം ഇതിനാനുപാതികമായി സൂചന 2 പ്രകാരമുള്ള JPHN Gr. I സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 1912 ഉം സ്ഥാനം ലഭിക്കുകയുണ്ടായി.

0456783
GOVERNMENT OF KERALA

3- )o അപേക്ഷക ശ്രീമത. അൽഫോൺസാ. എൻ. എ ഉത്തരവ് നമ്പർ. MT(3)2890/85/KPSC,MLPM, Dated: 03.11.1994 പ്രകാരം മലപ്പുറം ജില്ലയിൽ JPHN Gr. I ആയി 05.12.1994 ൽ ജോലിയിൽ പ്രവേശിക്കുകയും അവിടെനിന്ന് 16.06.2000 ൽ തൃശ്ശൂർ ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം നേടുകയും ഇതിന്റെയടിസ്ഥാനത്തിൽ സൂചന 1 പ്രകാരമുള്ള JPHN Gr. II സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 1717 ഉം ഇതിനാനുപാതികമായി സൂചന 2 പ്രകാരമുള്ള JPHN Gr. I സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 1474 ഉം ലഭിക്കുകയുണ്ടായി.

ബഹു. കേരളാ ഹൈക്കോടതിയുടെ ഒ. പി (കെ. എ. റ്റി) നം. 74/2017, ഒ. പി (കെ. എ. റ്റി) നം. 211/07 കേസിന്മേൽ 11.10.2017 ലെ വിധിന്യായം പ്രകാരവും ബഹു. കെ. എ. റ്റി ഒ. എ നം. 1070/2014 നമ്പർ കേസിന്മേൽ 11.12.2007 വിധിന്യായം പ്രകാരവും ജില്ലാതല നിയമനം നേടി ജോലിയിൽ തുടർന്നുവരവെ അന്തർജില്ലാസ്ഥലംമാറ്റം ലഭിച്ചാലും പ്രസ്തുത സ്ഥലംമാറ്റം ലഭിക്കുന്നതിനു മുമ്പ് ടിയാൾക്ക് JPHN Gr. I മാരുടെ സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടെങ്കിൽ ആയത് പരിഗണിച്ച് സ്ഥാനക്കയത്തിന്റെ തീയതി നിശ്ചയിച്ച് നൽകണമെന്നകാര്യം പരിഗണിച്ച് ശ്രീമതി. ജെസീന. എ. സി, ടിയാൾക്ക് JPHN Gr. I സ്ഥാനക്കയറ്റം ലഭിക്കുമായിരുന്ന 01.06.2000 നു ശേഷം 20.06.2001 ലും ശ്രീമതി. മല്ലിക. സി. കെ, ടിയാൾക്ക് JPHN Gr. I സ്ഥാനക്കയറ്റം ലഭിക്കുമായിരുന്ന 25.10.2000 നുശേഷം 15.06.2001 ലും ശ്രീമതി. അൽഫോൻസാ. എൻ. എ, ടിയാൾക്ക് JPHN Gr. I സ്ഥാനക്കയറ്റം ലഭിക്കുമായിരുന്ന 01.06.2000 നുശേഷം 16.06.2000 ലുമാണ് അന്തർജില്ലാസ്ഥലംമാറ്റം നേടിയത്കൊണ്ട് ടിയാളുകൾക്ക് പ്രസ്തുത സീനിയോറിറ്റി പട്ടികകളിലെ നിലവിലുള്ള റാങ്ക് നമ്പർ ചട്ടപ്രകാരം പുനഃക്രമീകരിക്കേണ്ടതിന് അർഹതയുള്ളതിനാൽ ശ്രീമതി. ജെസീന. എ. സി ക്ക് സൂചന 1 പ്രകാരമുള്ള JPHN Gr. II സീനിയോറിറ്റി പട്ടികയിലെ നിലവിലുള്ള സ്ഥാനം റാങ്ക് നമ്പർ 2259 റദ്ദ് ചെയ്യുകയും ആയത് പുനഃക്രമീകരിച്ച് റാങ്ക് നമ്പർ 319(A) ആയും ഇതിനാനുപാതികമായി സൂചന 2 പ്രകാരമുള്ള JPHN Gr. I സീനിയോറിറ്റി പട്ടികയിൽ നിലവിലുള്ള സ്ഥാനം റാങ്ക് നമ്പർ 1917 റദ്ദ് ചെയ്ത്, ആയത് പുനഃക്രമീകരിച്ച് റാങ്ക് നമ്പർ 226(A) ആയും, ശ്രീമതി. മല്ലിക സി. കെ ക്ക് പ്രസ്തുത JPHN Gr. II സീനിയോറിറ്റി പട്ടികയിൽ നിലവിലുള്ള റാങ്ക് നമ്പർ 2250 റദ്ദ് ചെയ്യുകയും ആയ്ത് പുനഃക്രമീകരിച്ച് റാങ്ക് നമ്പർ 607(A) ആയും, ഇതിനാനുപാതികമായി JPHN Gr. I സീനിയോറിറ്റി പട്ടികയിൽ നിലവിലുള്ള റാങ്ക് നമ്പർ 1912 റദ്ദ് ചെയ്യുകയും, ആയത് പുനഃക്രമീകരിച്ച് റാങ്ക് നമ്പർ 480(A) ആയും ശ്രീമതി. അൽഫോൻസാ. എൻ. എ ക്ക് പ്രസ്തുത JPHN Gr. II സീനിയോറിറ്റി പട്ടികയിൽ നിലവിലുള്ള റാങ്ക് നമ്പർ 1717 സ്ഥാനം റദ്ദ് ചെയ്യുകയും ആയതിനുപകരം പുനഃക്രമീകരിച്ച് റാങ്ക് നമ്പർ 223 (A) ആയും ഇതിനാനുപാതികമായി JPHN Gr. I സീനിയോറിറ്റി പട്ടികയിൽ നിലവിലുള്ള റാങ്ക് നമ്പർ 1474 റദ്ദ് ചെയ്ത് ആയത് പുനഃക്രമീകരിച്ച് റാങ്ക് നമ്പർ 158 (A) ആയും ഉൾപ്പെടുത്തി സ്ഥാനം നൽകി സ്ഥിരീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഇതു സംബന്ധിച്ച വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| Sl. No. | Name | PEN No | Date of Birth | Qualification | Date assigning seniority | PSC Advice No. & Date | Order of promotion as JPHN Gr. I | Date assigned for promotion as JPHN Gr. I | Existing rank no. in seniority list of JPHN | | New rank no in Seniority list of JPHN | | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | Gr. II | Gr. I | Gr. II | Gr. I | |
| 1 | Jaseena. A. C | 358208 | 04.10.1966 | SSLC/ ANM | 26.08.1995 | MR(3)2890 /KPSC/MLPM, Dated: 26.08.1995 | FWA4/19888 /2014/DHS, Dtd: 01.03.2016 | 01.06.2000 | 2259 | 1917 | 319(A) | 226(A) | 1. Order of Hon'ble KAT Dated: 03.04.2019 in OA. 710/2019. 2. G.O.(Rt) No. 2854/2019/ H & FWD, Dated: 27.11.2019 |
| 2 | Mallika. C. K | 381465 | 08.05.1969 | SSLC/ ANM | 12.06.1997 | IDB(2)2064 /89/KPSC,IDK, Dt: 12.06.1997 | FWA4/19888 /2014/DHS, Dtd: 01.03.2016 | 25.10.2000 | 2250 | 1912 | 607(A) | 480(A) | |
| 3 | Alphonsa. N. A | 358435 | 21.04.1966 | SSLC/ ANM | 03.11.1994 | MR(3)2890 /85/KPSC/ MLPM, Dated: 03.11.1994 | FWA6/7777/ 2012/DHS, Dtd: 17.12.2013 | 01.06.2000 | 1717 | 1474 | 223(A) | 158(A) | |

ബഹു. കെ. എ. റ്റി. 03.04.2019 ൽ OA.710/2019 നമ്പർ കേസിന്മേൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഇതിനാൽ ഉത്തരവാകുന്നു.

വിശ്വസ്തതയോടെ

ഒപ്പ്/-

ഡോ. സെമീറ. എ

ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (A & T)

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)

പകർപ്പ്

1. മെഡിക്കൽ ഓഫീസർ
   പി. എച്ച്. സി. അളഗപ്പ നഗർ/ വെങ്കിടങ്ങ്/പറപ്പൂക്കര
2. ശ്രീമതി. ജെസീന. എ. സി/ശ്രീമതി. മല്ലിക. സി. കെ, അൽഫോൻസാ. എൻ (ജെ. പി. എച്ച്. എൻ ഗ്രേഡ് – 1)
   പി. എച്ച്. സി. അളഗപ്പ നഗർ/ വെങ്കിടങ്ങ്/പറപ്പൂക്കര (ഉചിതമാർഗ്ഗേന)
3. ഫയൽ / കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

04567752

GOVERNMENT OF KERALA